പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5022 — 04.07.2012 ൽ മറുപടിക്ക്

## സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമ്മാണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ വീണ്ടും നിയമം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിലേക്ക് നയിച്ച സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിശദമാക്കാമോ; | (എ) ഉണ്ട്. 2009 ൽ ആരംഭിച്ച Kerala Privacy and Dignity of Women (Protection) Act എന്ന നിയമത്തിന്റെ നിർമ്മാണപ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകളുടെ സുരക്ഷയും സ്വകാര്യതയും ഫലപ്രദമായി ഉറപ്പാക്കാനാണ് സർക്കാർ നിയമനിർമ്മാണ പ്രക്രിയ ത്വരിതപ്പെടുത്തിയത്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്ക് നേരെ ഉണ്ടായ ഏതെല്ലാം നിലയിലുള്ള കുറ്റങ്ങൾക്കെതിരെ, എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി; വിശദമാക്കാമോ; ഇപ്പോഴും അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ ശിക്ഷിച്ചിട്ടില്ലാത്ത കേസുകൾ എത്ര; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 09-06-2012 വരെ സ്ത്രീകൾക്കു നേരെ Rape Case – 1117, Molestation -3913, Eve teasing 486, 498 (A) IPC – 5664, Dowry Death -32, Kidnapping – 228 എന്നിങ്ങനെ ആകെ 11440 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 8681 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 34 കേസുകളിൽ കുറ്റവാളികളെ ശിക്ഷിച്ചിട്ടുണ്ട്. 112 കേസുകൾ Acquitted ആയിട്ടുള്ളതും 8535 കേസുകൾ വിചാരണ അവസ്ഥയിലുമാണ്. |
| (സി) ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് വേണ്ടി എന്തെല്ലാം നിയമ | (സി) Prevention of Domestic Violence Act, Dowry Prohibition Act, Indecent Representation of Women |

| | | | |
|---|---|---|---|
| | നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ; | | Act (Prevention). കൂടാതെ Indian Penal Code, IT Act, Kerala Police Act എന്നിവയിലും സ്ത്രീ സംരക്ഷണ വകുപ്പുകളുണ്ട്. |
| (ഡി) | ഈ നിയമങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ